## പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3642** **15.03.2018 ൽ മറുപടിയ്ക്ക്**

**ഫ്ലോട്ടിംഗ് സോളാർ പാനലുകൾ സ്ഥാപിച്ച് വൈദ്യുതി ഉൽപ്പാദനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം. സ്വരാജ് | | ശ്രീ. എം. എം. മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | കെ.എസ്.ഇ.ബി യുടെ അധീനതയിലുള്ള ഡാമുകളിലും ജലാശയങ്ങളിലും ഫ്ലോട്ടിംഗ് സോളാർ പാനലുകൾ സ്ഥാപിച്ച് വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നതിന് നടപടി സ്വീകരിച്ച് വരുന്നുണ്ടോ; ഉണ്ടെങ്കിൽ അവയുടെ വിശദാംശം അറിയിക്കുമോ; | (എ) & (ബി) | ഉണ്ട്. കേരളത്തിന്റെ സ്ഥലപരിമിതി സൗരോർജ്ജ നിലയങ്ങൾ സ്ഥാപിക്കുന്നതിന് തടസ്സമായി കണ്ടതിനാൽ ലാൻഡ് ന്യൂട്രൽ പദ്ധതികൾ അണക്കെട്ടുകളിൽ സ്ഥാപിക്കുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കുന്നതിന്റെ ഭാഗമായി പരീക്ഷണാടിസ്ഥാനത്തിൽ 500 kWp സ്ഥാപിത ശേഷിയുള്ള ഫ്ലോട്ടിംഗ് സോളാർ പദ്ധതി ബാണാസുര സാഗർ ജലസംഭരണിയിൽ സ്ഥാപിച്ചു. 10 kWp-ന്റെ മറ്റൊരു പദ്ധതിയും ഇവിടെ ഉണ്ട്.<br>500 kWp ജലാശയത്തിൽ പൊങ്ങിക്കിടക്കുന്ന ഈ പദ്ധതിയ്ക്ക് 9.25 കോടി രൂപ ചെലവായിട്ടുണ്ട്. ഇതു കര ഭൂമിയിൽ സോളാർ പദ്ധതികൾ സ്ഥാപിക്കുന്നതിന് വേണ്ടിവരുന്ന തുകയെക്കാൾ വളരെ കൂടുതലാണ്. പുതിയ സാങ്കേതിക വിദ്യകളുടെ വരവോടെ മാത്രമേ ഇത്തരം പദ്ധതികളുടെ നിർമ്മാണ ചെലവ് കുറച്ചു കൊണ്ടുവരാനും ഇത്തരം പദ്ധതികൾ വ്യാപകമാക്കാനും കഴിയുകയുള്ളൂ. |
| (ബി) | ഈ പദ്ധതി കൂടുതൽ മേഖലകളിലേക്ക് വ്യാപിപ്പിക്കുന്നതിന് തയ്യാറാകുമോ യെന്ന് വ്യക്തമാക്കുമോ? | | |

സെക്ഷൻ ഓഫീസർ